# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 484      21.10.2011 ൽ മറുപടിയ്ക്ക്

## അനെർട്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മോയിൻ കുട്ടി | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം, ചെറുകിട ജലശക്തി തുടങ്ങിയവയുടെ വികസനത്തിലൂടെ കേരളത്തിന്റെ ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുക, ഗ്രാമീണ മേഖലയുടേയും വൈദ്യുതി ശൃംഖലയിൽനിന്ന് അകന്ന് ഒറ്റപ്പെട്ടു കിടക്കുന്ന ജനവാസ കേന്ദ്രങ്ങളുടെയും ഊർജ്ജാവശ്യങ്ങൾ നിറവേറ്റുക, പരമ്പരാഗത ഊർജ്ജ രൂപങ്ങളുടെയും അക്ഷയ ഊർജ്ജ രൂപങ്ങളുടെയും സമന്വിതമായ വികസനവും ഉപയോഗവും ഉറപ്പാക്കിക്കൊണ്ട് പ്രാദേശിക വികസനം ത്വരിതപ്പെടുത്തുന്നതിനു സഹായകരമായ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരളസർക്കാർ രൂപീകരിച്ചിട്ടുള്ള സ്ഥാപനമാണ് ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നാളജി (അനെർട്ട്). കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ) സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണ് അനെർട്ട്. |
| (ബി) | കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ അനെർട്ട് ഇതേവരെ ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ;അതിനായി ഇതേ വരെ പ്രതിവർഷം എന്തു തുക ലഭിച്ചു; | (ബി) | കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ അനെർട്ടിന് ഇതുവരെ വിവിധ പദ്ധതികൾക്കായി 3563.39 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ലഭിച്ച തുകയുടെ പ്രതിവർഷ കണക്ക് അനുബന്ധം I ആയും പദ്ധതികളുടെ വിശദ വിവരം അനുബന്ധം II ആയും ചേർക്കുന്നു. |
| (സി) | വിദൂരസ്ഥ ജനവാസകേന്ദ്രങ്ങൾക്കായുള്ള വൈദ്യുതീകരണ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കിയത്; ഏതു വിധത്തിലാണ് നടപ്പാക്കിയത്; | (സി) | വിദൂരസ്ഥ ജനവാസകേന്ദ്രങ്ങൾക്കുള്ള വൈദ്യുതീകരണ പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി,എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം,കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാ |

ക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. പാരമ്പര്യ വൈദ്യുതി എത്താൻ സാദ്ധ്യതയില്ലാത്ത പ്രദേശങ്ങളിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തിയാണ് വിദൂരസ്ഥ ഗ്രാമ വൈദ്യുതീകരണ പരിപാടി നടപ്പാക്കിയത്. ഈ ഗ്രാമങ്ങളിലെ വീടുകൾക്കാവശ്യമായ ഗാർഹിക സൗരോർജ്ജ വിളക്കുകളും ചിലയിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകളുമാണ് സ്ഥാപിച്ചത്.

| | | | |
|---|---|---|---|
| (ഡി) | അനെർട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റെടുക്കുന്ന പദ്ധതികൾ ഏതെല്ലാം; | (ഡി) | അനെർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അവർക്കാവശ്യമായ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ കണക്കെടുപ്പ്, വൈദ്യുതീകരിച്ച വീടുകളുടെ ഊർജ്ജ ഉപഭോഗത്തിന്റെ കണക്കെടുക്കൽ, ഊർജ്ജ ഉപകരണങ്ങളുടെ വിതരണം എന്നിവയും ജില്ലാ പഞ്ചായത്ത് തലത്തിൽ ചെറുകിട ജലവൈദ്യുതി ഉൽപ്പാദന സാദ്ധ്യതാ പഠനം, സമഗ്ര ഊർജ്ജ മേഖലാ വിലയിരുത്തൽ പഠനം,ജൈവദ്രവ്യ ഗ്യാസിഫയറുകൾ സ്ഥാപിക്കൽ, സാമൂഹ്യ ജൈവ വാതക പ്ലാന്റുകൾ സ്ഥാപിക്കൽ മെച്ചപ്പെട്ട സാമൂഹിക അടുപ്പുകൾ, സൗര താപോപകരണങ്ങൾ, സൗര വൈദ്യുതോപകരണങ്ങൾ മുതലായവ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ഇ) | അനെർട്ടിന്റെ പദ്ധതി നടത്തിപ്പിലും, നിയമനങ്ങളിലും ക്രമക്കേടുകളുണ്ടായതായ പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു? | (ഇ) | ഉണ്ട്. അനെർട്ടിലെ നിയമനങ്ങൾ സംബന്ധിച്ച പരാതികൾ വിജിലൻസ് വകുപ്പ് അന്വേഷിച്ചുവരുന്നു. മറ്റു ക്രമക്കേടുകളും അനെർട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച കാര്യങ്ങളും പഠിച്ച് ആറുമാസത്തിനകം റിപ്പോർട്ട് നൽകാൻ എനർജി മാനേജ്മെന്റ് വിദഗ്ധനായ ഡോ. കെ.രവിയെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| വർഷം | | തുക (ലക്ഷത്തിൽ) |
|---|---|---|
| 1986-87 | – | 0.49 |
| 1987-88 | – | 23.96 |
| 1988-89 | – | 51.96 |
| 1989-90 | – | 57.34 |
| 1990-91 | – | 54.00 |
| 1991-92 | – | 127.76 |
| 1992-93 | – | 93.81 |
| 1993-94 | – | 131.80 |
| 1994-95 | – | 100.79 |
| 1995-96 | – | 194.02 |
| 1996-97 | – | 204.47 |
| 1997-98 | – | 26.30 |
| 1998-99 | – | 40.75 |
| 1999-00 | – | 273.26 |
| 2000-01 | – | 354.89 |
| 2001-02 | – | 637.21 |
| 2002-03 | – | 307.13 |
| 2003-04 | – | 145.63 |
| 2004-05 | – | 161.65 |
| 2005-06 | – | 31.86 |
| 2006-07 | – | 13.11 |
| 2007-08 | – | 59.35 |
| 2008-09 | – | 396.44 |
| 2009-10 | – | 38.30 |
| 2010-11 | – | 6.33 |
| 2011-12 | – | 25.38 |
| | | *3563.39* |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

*നവീകരണീയ ഊർജ്ജ പാർക്കുകൾ*

ഈ പദ്ധതിയുടെ കീഴിൽ എറണാകുളത്തെ കുട്ടികളുടെ പാർക്കിനോടനുബന്ധിച്ച് പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടേയും ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടേയും ഒരു സംസ്ഥാനതല സ്ഥിരം പ്രദർശന സംവിധാനം ഒരുക്കിയിട്ടുണ്ട്. അതുപോലെ തന്നെ മറ്റു ജില്ലകളിലായി നാലു ജില്ലാതല പ്രദർശന സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ പൊതുജനങ്ങൾക്ക് ഇത്തരം ഉപകരണങ്ങളെക്കുറിച്ചും, അവയുടെ ഉപയോഗ രീതികളെക്കുറിച്ചും, ഗുണമേന്മയെക്കുറിച്ചും മനസ്സിലാക്കാനും, ഉപകരണങ്ങളുടെ പ്രവർത്തന രീതി പഠിക്കുവാനും സാധിക്കുന്നു. ഇതുമൂലം ജനങ്ങളിൽ, പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ പാരമ്പര്യേതര ഊർജ്ജത്തെപ്പറ്റിയും, അവ ഉപയോഗിക്കുന്നതിലൂടെ നാടിനുണ്ടാകുന്ന ഗുണത്തെക്കുറിച്ചും ശരിയായ രീതിയിൽ അവബോധം വളർത്താൻ സാധിക്കുന്നുണ്ട്.

*സൗര ഗ്രാമീണ വൈദ്യുതീകരണ പദ്ധതി/വിദൂര ഗ്രാമീണ വൈദ്യുതീകരണ പദ്ധതി*

പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിലെ വൈദ്യുതി എത്തപ്പെടാത്ത വിദൂരമായി സ്ഥിതി ചെയ്യുന്ന (സംസ്ഥാന വൈദ്യുതി ശൃംഘലയിൽ നിന്നും 3 കിലോമീറ്ററോ അതിലധികമോ) വീടുകളിൽ, പ്രത്യേകിച്ചും ആദിവാസി സങ്കേതങ്ങളിൽ സൂര്യ പ്രകാശം ഉപയോഗിച്ച് വൈദ്യുതീകരണം നടത്തി. ഇതുപ്രകാരം സൗരപാനലുകളിൽ വീഴുന്ന സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി മാറ്റി ബാറ്ററികളിൽ ശേഖരിക്കുന്നു. പിന്നീട് ആവശ്യാനുസരണം പ്രകാശത്തിനും, മറ്റു വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ചെറിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു. വീടുകൾ അടുത്തടുത്തുള്ള സ്ഥലങ്ങളിൽ സൗര പവർ പ്ലാന്റുകൾ സ്ഥാപിച്ചും, അല്ലാത്ത സ്ഥലങ്ങളിൽ ഓരോ വീട്ടിലും സൗര ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചുമാണ് ഇത് പ്രാവർത്തികമാക്കിയിട്ടുള്ളത്.

*പൊതുജന ബോധവൽക്കരണ പരിപാടികൾ*

പ്രദർശനങ്ങൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ തുടങ്ങി പൊതുജനത്തെ ബോധവൽക്കരിക്കാൻ ഉതകുന്ന വിവിധ മാർഗ്ഗങ്ങളിലൂടെ പാരമ്പര്യേതര ഊർജ്ജത്തെപ്പറ്റിയും, അവയുടെ സാങ്കേതിക വിദ്യയെപ്പറ്റിയും, ഊർജ്ജ സംരക്ഷണ ഉപകരണങ്ങളെപ്പറ്റിയുമുള്ള അറിവുകൾ ജനങ്ങളിലെത്തിക്കുന്ന

പദ്ധതികളാണിവ. ഇതിൻ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ പരിപാടികൾ നടത്തി വരുന്നു.

*__രാജീവ് ഗാന്ധി അക്ഷയ ഊർജ്ജദിന പരിപാടികൾ__*

ഈ പദ്ധതി പ്രകാരം അനെർട്ടിലെ ജില്ലാ ഓഫീസുകൾ മുഖേന എല്ലാ ജില്ലാകളിലും പാരമ്പര്യേതര ഊർജ്ജത്തെക്കുറിച്ചും, ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും, മറ്റു അനുബന്ധ വിഷയങ്ങളെപ്പറ്റിയും, അവയുടെ സാങ്കേതിക വിദ്യയെപ്പറ്റിയും പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളും, അധ്യാപകരും അക്ഷ ഊർജ്ജ പ്രതിജ്ഞ എടുക്കുകയുണ്ടായി. ബോധവൽക്കരണത്തിന്റെ ഭാഗമായി സമൂഹത്തിലെ വിവിധ തലങ്ങളിൽപ്പെട്ടവർക്കായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പൊതുയോഗങ്ങൾ, പ്രദർശനങ്ങൾ, കൂട്ടയോട്ടം, റാലികൾ തുടങ്ങി വിവിധ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ നടത്തുകയുണ്ടായി

*__സോളാർ വാട്ടർ ഹീറ്റിംഗ് സിസ്റ്റംസ്__*

വീടുകൾ, ഹോസ്പിറ്റലുകൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി ചൂടുവെള്ളം ആവശ്യമുള്ള സ്ഥലങ്ങളിൽ വെള്ളം ചൂടാക്കാനായി സൗരോർജ്ജം സുലഭമായി എല്ലായിടത്തും ലഭിക്കുന്ന സൗര താപ ഊർജ്ജമാണ് ഫലപ്രദമായി ഉപയോഗിക്കുന്നത്. അതുവഴി ഇത്തരം ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന വൈദ്യുതിയുടെയും മറ്റ് പാചക ഇന്ധനങ്ങളുടെയും ഉപയോഗം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നു.

*__ബയോഗ്യാസ് പ്ലാന്റുകൾ__*

ജൈവമാലിന്യങ്ങൾ ഉത്ഭവ സ്ഥലത്തുതന്നെ സംസ്ക്കരിക്കാൻ വേണ്ടിയുള്ള പദ്ധതിയാണിത്. ഇവ നടപ്പിലാക്കുന്നതിലൂടെ മാലിന്യം ശേഖരിക്കുന്നതിനും, കൊണ്ടുപോകുന്നതിനും വേണ്ടി വരുന്ന ചെലവുകളും പ്രയാസങ്ങളും ഏകദേശം പൂർണ്ണമായും ഇല്ലാതാകുന്നു. ഗാർഹിക ആവശ്യങ്ങൾക്കുള്ള ചെറിയ പ്ലാന്റുകൾ മുതൽ സ്ഥാപനങ്ങൾക്കാവശ്യമായ വലിയ പ്ലാന്റുകൾ വരെ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്നു. ചീഞ്ഞളിയുന്ന മാലിന്യം ഇല്ലാതാക്കപ്പെടുന്നതിനു പുറമെ, ഇതിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗ്യാസ് പാചകാവശ്യത്തിനോ, അല്ലെങ്കിൽ വലിയ പ്ലാന്റുകളിൽ നിന്നാണെങ്കിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനോ ഉപയോഗിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ധാരാളം പ്ലാന്റുകൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിട്ടുണ്ട്.

*സൗര റാന്തലുകൾ/ ഹോം ലൈറ്റിംഗ് സിസ്റ്റംസ്/ പവർ പ്ലാന്റുകൾ*

സൗര പാനലുകളിൽ വീഴുന്ന സൂര്യ പ്രകാശത്തെ വൈദ്യുതിയാക്കി മാറ്റി ആവശ്യമുള്ള സമയത്ത് ഉപയോഗിക്കുവാൻ ഉതകുന്ന ഉപകരണങ്ങളാണ് ഇവ. വൈദ്യുതി ലഭിക്കാത്ത വീടുകൾക്ക് രാത്രി സമയത്ത് വെളിച്ചം പകരുവാനായി ഇവ ഉപയോഗിച്ചു വരുന്നു. വൈദ്യുതിയുള്ള പ്രദേശങ്ങളിൽ പവർകട്ട് സമയത്തും, വൈദ്യുതി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വൈകുന്നേരങ്ങളിൽ ശൃംഖലാ വൈദ്യുതിക്കു ഒരു ബദൽ സംവിധാനമായും ഇവ ഉപയോഗിച്ചു വരുന്നു.

*കാറ്റിൽ നിന്നും വൈദ്യുതി*

ഈ പദ്ധതിയുടെ കീഴിൽ കേരളത്തിൽ ധാരാളമായി കാറ്റു ലഭിക്കുന്ന സ്ഥലങ്ങളിൽ, അതിന്റെ ലഭ്യതയെക്കുറിച്ചുള്ള അടിസ്ഥാന വിവര ശേഖരണം നടത്തുകയുണ്ടായി. ഈ പഠനത്തിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യതയുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവിടങ്ങളിൽ വിശദമായ പഠനം നടത്തി ഇതിൻപ്രകാരം കണ്ടെത്തിയ സ്ഥലങ്ങളിലാണ് ഇപ്പോൾ കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം നടത്തുന്നത്.

*മെച്ചപ്പെട്ട വിറകടുപ്പുകൾ*

പരമ്പരാഗത അടുപ്പുകൾക്ക് പകരമായി, ഇന്ധന ക്ഷമതയുള്ളതും, ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതാക്കുന്നതുമായ മെച്ചപ്പെട്ട വിറകടുപ്പുകൾ ജനങ്ങൾക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും അവയുടെ വ്യാപനം വ്യാപകമായി നടത്തുകയും ചെയ്തു. ഇത്തരം അടുപ്പുകൾ സ്ഥാപിച്ചു ഉപയോഗിക്കുന്നതിലൂടെ വിറകിന്റെ ഉപയോഗം ഏകദേശം നേർ പകുതിയായി കുറയുന്നു. അതിലൂടെ വനനശീകരണം തടയുവാനും സാധിക്കുന്നു. മാത്രമല്ല പുകയും ചൂടും അടുക്കളയിൽ ഇല്ലാതാകുന്നതിനും പരമ്പരാഗത അടുപ്പുപയോഗിക്കുന്നവർക്കു അടുക്കളയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും, തന്മൂലമുണ്ടാകുന്ന രോഗങ്ങളും ഇല്ലാതാക്കാനും സാധിച്ചു. ഇത്തരത്തിൽ വളരെയധികം അടുപ്പുകൾ കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുണ്ട്.

*സൗര ഡ്രൈയറുകൾ*

ഇത്തരം ഉപകരണങ്ങൾ സൂര്യനിൽ നിന്നും ലഭിക്കുന്ന ചൂട് നേരിട്ടും, വായു ചൂടാക്കിയ ശേഷം ചൂടായ വായു കടത്തിവിട്ടും പദാർത്ഥങ്ങൾ ഉണക്കാൻ ഉപയോഗിക്കുന്നു. വലിയ വ്യവസായ സ്ഥാപനങ്ങളിലാണ് ഇത്തരം ഉപകരണങ്ങളുടെ മുഖ്യമായ ഉപയോഗം. ഇവ ഉപയോഗിക്കുന്നതിലൂടെ ഇത്തരം ആവശ്യങ്ങൾക്കു വേണ്ടി വരുന്ന വൈദ്യുതി/മറ്റ് ഇന്ധനങ്ങൾ എന്നിവയുടെ ഉപയോഗം കുറയ്ക്കുവാൻ കഴിയുന്നു.

## *ബയോമാസ് ഗ്യാസിഫയറുകൾ*

ഒരു ഫാക്ടറിയിൽ നിന്നും അവിടുത്തെ മുഖ്യ ഉത്പ്പന്നം നിർമ്മിച്ചു കഴിയുമ്പോൾ പുറന്തള്ളേണ്ടി വരുന്ന ബയോമാസ്സ് വേസ്റ്റുകൾ (ഉമി, ചിരട്ട, കശുവണ്ടിത്തോട് മുതലായവ) ഉപയോഗിച്ച് ആ സ്ഥാപനത്തിലേക്ക് ആവശ്യമായ ഊർജ്ജം (താപഊർജ്ജം/ വൈദ്യുതി) നിർമ്മിക്കുവാനുള്ള പദ്ധതിയാണിത്. ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിലൂടെ ശൃംഖലാ വൈദ്യുതിയുടേയും, മറ്റ് ഇന്ധനങ്ങളുടേയും ഉപയോഗം കുറയ്ക്കുവാൻ സാധിക്കുന്നു.

## *ബാറ്ററിയാൽ ചലിക്കുന്ന വാഹനങ്ങൾ*

പെട്രോളിയം ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിലൂടെ പരിസരം മലിനീകരണമാകുന്നതിനു ഒരു പോംവഴി എന്ന നിലയിൽ ബാറ്ററിയിൽ ചലിക്കുന്ന വാഹനങ്ങൾക്ക് സബ്സിഡി നൽകുന്ന പരിപാടിയാണിത്.

## *മുദ്ര*

പൊതുജനങ്ങളുടെ ഇടയിൽ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിലേക്കായി സഞ്ചരിക്കുന്ന ഒരു പ്രദർശന വാഹനം നിർമ്മിച്ചു പ്രദർശനങ്ങൾ നടത്തി വരുന്നു. മൊബൈൽ റിന്യൂവബിൾ എനർജി ഡെമോൺസ്ട്രേഷൻ യീണിറ്റ് (Mobile REnuewable Enery Demonstration Unit) എന്നാണിതിന്റെ പേര്. ഈ വാഹനം കേരളത്തിലുടനീളം സഞ്ചരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## *സെമിനാറുകൾ/ വർക്ക്ഷോപ്പുകൾ/ പരിശീലന പരിപാടികൾ*

വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്കായി വിവിധ നവീകരണീയ ഊർജ്ജ പദ്ധതികളെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കാനായി ധാരാളം സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ എന്നിവ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

<u>അനുബന്ധം 3</u>

| ജില്ല | പഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | കുറ്റിച്ചൽ, വിതുര |
| കൊല്ലം | കുളത്തൂപ്പുഴ, ആര്യങ്കാവ്, തെന്മല, ഏരൂർ, അലയമൺ |
| പത്തനംതിട്ട | കലഞ്ഞൂർ, നാറാണമൂഴി, റാന്നി-പെരിനാട്, വെച്ചൂച്ചിറ, സീതത്തോട്, ചിറ്റാർ, അരുവാപ്പുലം |
| ഇടുക്കി | ശാന്തൻപാറ, മൂന്നാർ, മറയൂർ, കാന്തല്ലൂർ, വട്ടവട മാങ്കുളം, ഉടുമ്പന്നൂർ, വെള്ളിയാമറ്റം, അറക്കുളം, ഉപ്പുതറ, ഉടുമ്പൻചോല, കരിമണ്ണൂർ, അടിമാലി, വണ്ണപ്പുറം |
| എറണാകുളം | കുട്ടമ്പുഴ |
| തൃശ്ശൂർ | ആതിരപ്പള്ളി, പാണഞ്ചേരി |
| പാലക്കാട് | പുതൂർ, അഗളി, ഷോളയൂർ, തച്ചമ്പാറ, കരിമ്പ, കോട്ടപ്പാടം, മുതലമട, പുതുശ്ശേരി, നെല്ലിയാമ്പതി, വണ്ടാഴി, കാഞ്ഞിരപ്പുഴ |
| മലപ്പുറം | വഴിക്കടവ്, മൂത്തേടം, ചാലിയാർ, കാളികാവ്, കരുവാരക്കുണ്ട്, പോത്തുകൽ, മമ്പാട്, ഉറങ്ങാട്ടിരി |
| വയനാട് | തിരുനെല്ലി, തവിഞ്ഞാൽ, പനമരം, വെള്ളമുണ്ട, തൊണ്ടർനാട്, ഇടവക, മാനന്തവാടി, മേപ്പാടി, വൈത്തിരി, പൊഴുതന, തരിയോട്, പടിഞ്ഞാറത്തറ, പൂതാടി, പുൽപ്പള്ളി, നൂൽപ്പുഴ, അമ്പലവയൽ |
| കണ്ണൂർ | നടുവിൽ, ചിറ്റാരിപ്പറമ്പ്, കേളകം |
| കാസറഗോഡ് | ദേലമ്പാടി, പനത്തടി, വെസ്റ്റെളേരി, ബെള്ളൂർ, കാറഡുക്ക |

സെക്ഷൻ ഓഫീസർ.